(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന് സംസ്ഥാനത്ത് എത്ര ശാഖകളുണ്ട്;

(ബി) കെ.എസ്.എഫ്.ഇ.-യുടെ നിക്ഷേപ-വായ്പാ അനുപാതം വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ.-യുടെ സേവന മേഖല വിപുലമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) 230 ശാഖകളുണ്ട്.

(ബി) ആഡിറ്റ് കണക്കനുസരിച്ച് 2001-2002-ലെ നിക്ഷേപ-വായ്പാനുപാതം 52 ശതമാനമാണ്.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ.-യുടെ സേവന മേഖല വിപുലമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രധാന നഗരങ്ങളിൽ സായാഹ്ന ശാഖകൾ സ്ഥാപിക്കുന്നുണ്ട്. കൂടാതെ ശാഖകളുടെ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി ഇടപാടുകാർക്ക് എളുപ്പത്തിൽ സേവനം നൽകാവുന്ന പദ്ധതികൾ ത്വരിതപ്പെട്ടു വരുന്നു. ഇതിനുപുറമേ സ്വർണ്ണ പണയ പദ്ധതിയും ചിട്ടിയും കൈകാര്യം ചെയ്യുന്ന ചെറു ശാഖകൾ ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് ബിസിനസ്, വെർച്വൽ ബ്രാഞ്ച്, ദിവസംതോറും ആഴ്ചതോറും നറുക്കെടുപ്പുള്ള ചിട്ടികൾ എന്നിവയും ആസൂത്രണം ചെയ്തു വരുന്നു.

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ

26 [3312] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.എഫ്.ഇ.-യുടെ എത്ര ബ്രാഞ്ചുകൾ പുതുതായി ആരംഭിച്ചു;

(ബി) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുള്ള ബ്രാഞ്ചുകൾ ഏതെങ്കിലും ഇനിയും ആരംഭിക്കാനുണ്ടോ;

(സി) എങ്കിൽ അവ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഡൽഹിയിൽ കെ.എസ്.എഫ്.ഇ.-യുടെ ബ്രാഞ്ച് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് ഡൽഹി ഗവൺമെന്റുമായി കെ.എസ്.എഫ്.ഇ. അധികൃതരോ സംസ്ഥാന സർക്കാരോ ചർച്ച നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഡൽഹിയിൽ ബ്രാഞ്ച് ആരംഭിക്കുന്നതിന് മറ്റാരെങ്കിലുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഐ) ഇക്കാര്യത്തിൽ വിമാനക്കൂലി, മറ്റു ചെലവുകൾ എന്ന വകയിൽ കെ.എസ്.എഫ്.ഇ.-ക്ക് ഇതുവരെയായി എത്ര സംഖ്യ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 5 ബ്രാഞ്ചുകൾ പുതിയതായി ആരംഭിച്ചു.

(ബി) ഉണ്ട്. 6 ബ്രാഞ്ചുകൾ ആരംഭിക്കാനുണ്ട്.

(സി) 1. മലപ്പുറം ഈവനിംഗ്-മലപ്പുറം
2. കോഴിക്കോട് ഈവനിംഗ്-കോഴിക്കോട്
3. കണ്ണൂർ ഈവനിംഗ്-കണ്ണൂർ
4. പുൽപ്പള്ളി-വയനാട്
5. നെടുങ്കണ്ടം-ഇടുക്കി
6. ഷൺമുഖം റോഡ്-എറണാകുളം

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) കെ.എസ്.എഫ്.ഇ.-യുടെ സാമ്പത്തിക സേവന പദ്ധതികൾ ഡൽഹിയിലെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുവാൻ ഒരു സംയുക്ത സംരംഭം തുടങ്ങുവാൻ ഡൽഹി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ചുള്ള അനന്തരനടപടികളെപ്പറ്റി ചർച്ചകൾ നടത്തിവരുന്നു.

(ജി) ഉണ്ട്.

(എച്ച്) ഡൽഹി ഗവൺമെന്റ് ഡൽഹി ഫിനാൻഷ്യൽ കോർപ്പറേഷൻ, ഡൽഹി ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ അധികൃതരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഐ) 1,23,841 രൂപ (ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തി ഒന്ന് രൂപ) ചെലവായിട്ടുണ്ട്.

കെ.എസ്.എഫ്.ഇ.-യിലെ നിയമാനുസൃതമല്ലാത്ത സ്ഥലം മാറ്റങ്ങൾ റദ്ദ് ചെയ്യാൻ നടപടി

27 [3313] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ സ്ഥലം മാറ്റത്തിന് എന്തെങ്കിലും വ്യവസ്ഥ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly